"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - ഫോറൻസിക് മെഡിസിൻ വിഭാഗം പ്രൊഫസർ തസ്തികയിലെ സ്ഥലം മാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബ ക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.138/2025/H&FWD തീയതി,തിരുവനന്തപുരം, 20-01-2025

---

പരാമർശം:-
1. സ ഉ (സാധാ) നം 2174/2022/ആ കു വ തീയതി02.09.2022
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 20.11.2024-ലെ കെ4/5766/2023/ മെ വി വ നമ്പർ ഉത്തരവ്
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 25.12.2024-ലെ കെ4/5766/2023/ മെ വി വ നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗം വകുപ്പ് മേധാവിയായ ഡോ.ലിസാ ജോണിൽ നിന്ന് അപകടകരമായ ശാരീരിക-മാനസിക പീഡനം നേരിടുന്നത് സംബന്ധിച്ച് ഫോറൻസിക് വിഭാഗത്തിലെ പി ജി വിദ്യാർത്ഥികൾ സമർപ്പിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ (ജനറൽ) ഡോ .ബീന വി ടി ,അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി ചിത്ര എൽ ആർ എന്നിവരെ ഉൾപ്പെടുത്തി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഒരു അന്വേഷണ കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത മെഡിക്കൽ കോളേജിൽ നേരിട്ട് അന്വേഷണം നടത്തി പി ജി വിദ്യാർത്ഥികളിൽ നിന്നും ആരോപണ വിധേയായ ഫോറൻസിക് മെഡിസിൻ വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോ ലിസാ ജോണിൽ നിന്നും മൊഴി രേഖപ്പെടുത്തി, രേഖകൾ പരിശോധിച്ച് അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് ശിപാർശകൾ സഹിതം പരാമർശം (3) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. അന്വേഷണ കമ്മീഷന്റെ ശിപാർശകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോ ലിസാ ജോണിനെ സ്ഥലം മാറ്റി എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് സർക്കാർ ഉത്തരവാകുന്നു .

2) അന്വേഷണ കമ്മീഷന്റെ മറ്റ് ശിപാർശകളിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അടിയന്തിര റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SALINI O G

ഡെപ്യൂട്ടി സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ആഡിറ്റ് ) കേരള ,തിരുവനന്തപുരം

ഡോ ലിസാ ജോൺ,പ്രൊഫസർ ,ഫോറൻസിക് മെഡിസിൻ ,കോട്ടയം മെഡിക്കൽ കോളേജ് ( ഡി എം ഇ മുഖേന )

പ്രിൻസിപ്പൽ ,സർക്കാർ മെഡിക്കൽ കോളേജ് ,കോട്ടയം ,എറണാകുളം

വെബ് & ന്യൂ മീഡിയ ,ഐ &പി ആർ ഡി സെക്രട്ടേറിയറ്റ്

കരുതൽ ഫയൽ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 20-01-2025 12:14:32

പകർപ്പ് :- ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്